22.12.24 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 17-03-2003

# സദാ തന്റെ സ്വമാനത്തിൽ കഴിയുക, ബഹുമാനം നൽകുക, സർവ്വരുടെയും സഹയോഗിയാകുക, സമർഥമാക്കുക

ഇന്ന് ഭാഗ്യവിധാതാവായ ബാപ്ദാദ നാനാഭാഗത്തെയും ഓരോരോ കുട്ടികളുടെയും മസ്തകത്തിൽ ഭാഗ്യത്തിന്റെ മൂന്നു വരകൾ കാണുകയാണ്. ഒന്ന് പരമാത്മാ പാലനയുടെ ഭാഗ്യശാലി രേഖ, രണ്ടാമത് സത് ശിക്ഷകന്റെ ശ്രേഷ്ഠശിക്ഷണത്തിന്റെ ഭാഗ്യശാലിരേഖ, മൂന്നാമത് ശ്രീമതത്തിന്റെ തിളങ്ങുന്ന രേഖ, നാനാഭാഗത്തെയും കുട്ടികളുടെ മസ്തകത്തിനു നടുവിൽ മൂന്നു രേഖകളായി വളരെ നന്നായി തിളങ്ങിക്കൊണ്ടിരിക്കുന്നു. താങ്കളുമെല്ലാവരും തന്റെ മൂന്നു രേഖകളും കാണുകയല്ലേ. സ്വയം ഭാഗ്യവിധാതാവ് താങ്കൾ കുട്ടികളുടെ അച്ഛനായിരിക്കുന്നിടത്തോളം താങ്കളെക്കൂടാതെ ശ്രേഷ്ഠഭാഗ്യം മറ്റാർക്കാണുണ്ടാവുക. ബാപ്ദാദ കണ്ടുകൊണ്ടിരിക്കുകയാണ് വിശ്വത്തിലെ അനേക കോടി ആത്മാക്കളുണ്ട് എന്നാൽ ആ കോടികളിൽ നിന്ന് 6 ലക്ഷം പരിവാരം... എത്ര കുറവാണ് ! കോടിയിലും ചിലരായില്ലേ. അങ്ങനെ ഓരോ മാനവരുടെയും ജീവിതത്തിൽ ഈ മൂന്നു കാര്യങ്ങൾ പാലന, പഠനം, ശ്രീമതം ഈ മൂന്നു കാര്യങ്ങളുടെയും ആവശ്യകതയുണ്ട്. എന്നാൽ ഈ പരമാത്മാപാലനയും ദേവാത്മാക്കൾ അഥവാ മനുഷ്യാത്മാക്കളുടെ മതം , പാലന, പഠിപ്പിലും രാത്രിയുടെയും പകലിന്റെയും വ്യത്യാസമുണ്ട്. അപ്പോൾ ഇത്രയും ശ്രേഷ്ഠ ഭാഗ്യം സങ്കൽപത്തിൽ പോലും ഉണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ ഓരോരുത്തരുടെയും ഹൃദയം പാടുകയാണ് നേടിക്കഴിഞ്ഞു. നേടിക്കഴിഞ്ഞുവോ നേടണമോ? എന്തു പറയും? നേടിയില്ലേ! ബാബയും ഇങ്ങനെയുള്ള കുട്ടികളുടെ ഭാഗ്യത്തെ കണ്ട് ഹർഷിതമാകുകയാണ്. കുട്ടികൾ പറയുന്നു ആഹാ ബാബാ ആഹാ! ബാബ പറയുന്നു ആഹാ കുട്ടികളേ ആഹാ ഇതേ ഭാഗ്യത്തെ കേവലം സ്മൃതിയിൽ വെക്കരുത്, എന്നാൽ സദാ സ്മൃതിസ്വരൂപമായിരിക്കണം. പല കുട്ടികളും ആലോചിക്കുന്നത് വളരെ നന്നായിട്ടാണ്. എന്നാൽ ആലോചനാസ്വരൂപമാകരുത് സ്മൃതിസ്വരൂപമാകണം. സ്മൃതിസ്വരൂപത്തിൽ നിന്നു സമർഥസ്വരൂപം. ആലോചനാസ്വരൂപം സമർത്ഥ സ്വരൂപം അല്ല.

ബാപ്ദാദ കുട്ടികളുടെ ഭിന്നഭിന്ന ലീല കണ്ട് പുഞ്ചിരിച്ചു കൊണ്ടിരിക്കുകയാണ്. ചിലർ ആലോചനാസ്വരൂപമായിരിക്കുന്നു, സ്മൃതി സ്വരൂപം സദാ ആയിരിക്കുന്നില്ല. ഇടയ്ക്ക് ആലോചനാസ്വരൂപം, ഇടയ്ക്ക് സ്മൃതി സ്വരൂപം. ആര് സ്മൃതി സ്വരൂപമായിരിക്കുന്നുവോ അവർ നിരന്തരം സ്വാഭാവിക സ്വരൂപം ആയിരിക്കുന്നു. ആരാ ആലോചന സ്വരൂപമായിരിക്കുന്നു അവർക്ക് പരിശ്രമം ചെയ്യേണ്ടിവരുന്നു. ഈ സംഗമയുഗം പരിശ്രമത്തിന്റെ യുഗമല്ല സർവ പ്രാപ്തികളുടെയും അനുഭവങ്ങളുടെ യുഗമാണ്. 63 ജന്മം പരിശ്രമിച്ചു എന്നാൽ ഇപ്പോൾ പരിശ്രമത്തിന്റെ ഫലം പ്രാപ്തമാക്കുവാനുള്ള യുഗം അതായത് സമയമാണ്.

ബാപ്ദാദ കാണുകയായിരുന്നു ദേഹ ബോധത്തിന്റെ സ്മൃതിയിൽ കഴിയുന്നതിൽ എന്ത് പരിശ്രമം ചെയ്തു ഞാൻ ഇന്നയാളാണ്, ഞാൻ ഇന്നയാളാണ്..... ഇതിന് പരിശ്രമം ചെയ്തുവോ? സ്വാഭാവികമായിരുന്നില്ലേ! സ്വഭാവമായി മാറിയില്ലേ ദേഹ ബോധത്തിന്റേത് ! ഇത്രയും പക്കാ സ്വഭാവമായി ഇപ്പോഴും ഇടയ്ക്കിടെ പല കുട്ടികൾക്കും ആത്മാഭിമാനിയാകുന്ന സമയം ദേഹബോധം തന്റെ നേർക്ക് ആകർഷിച്ചുകൊണ്ടിരിക്കുന്നു. ചിന്തിക്കുന്നു ഞാൻ ആത്മാവാണ്, ഞാൻ ആത്മാവാണ്, എന്നാൽ ദേഹബോധം ഇത്രയും സ്വാഭാവികമായിരിക്കുന്നു വീണ്ടും വീണ്ടും ആഗ്രഹിക്കുന്നില്ലെങ്കിലും ചിന്തിക്കുന്നില്ലെങ്കിലും ദേഹബോധത്തിലേക്ക് വരുന്നു. ബാപ്ദാദ പറയുന്നു ഇപ്പോൾ മർജീവാ ജന്മത്തിൽ ആത്മാഭിമാനം അതായത് ദേഹീ അഭിമാനി സ്ഥിതിയും ഇങ്ങനെ തന്നെ സ്വഭാവവും സ്വാഭാവികവുമാകണം. പരിശ്രമിക്കേണ്ടി വരരുത് ഞാൻ ആത്മാവാണ്, ഞാൻ ആത്മാവാണ്. എങ്ങനെയാണോ ഏതെങ്കിലും കുട്ടി ജന്മമെടുക്കുമ്പോൾ അതിന് കുറച്ച് വിവേകം വച്ച് തുടങ്ങുമ്പോൾ പരിചയം നൽകുന്നത്, താങ്കളാരാണ്, ആരുടേതാണ്...... ഇതുപോലെ ബ്രാഹ്മണ ജന്മമെടുത്തുവെങ്കിൽ താങ്കൾ ബ്രാഹ്മണ കുട്ടികൾക്ക് ജനിച്ച ഉടൻ എന്ത് പരിചയം ലഭിച്ചത്? താങ്കളാരാണ്? ആത്മാവിന്റെ പാഠം പക്കയാക്കിച്ചില്ലേ! അപ്പോൾ ഈ ആദ്യ പരിചയം സ്വാഭാവിക സ്വഭാവമാകട്ടെ. സ്വഭാവം സ്വാഭാവികവും നിരന്തരവുമായിരിക്കുന്നു, ഓർമിക്കേണ്ടതായി വരുന്നില്ല. ഇങ്ങനെ ഓരോ ബ്രാഹ്മണ കുട്ടികൾക്കും ഇനി സമയാനുസരണം ദേഹി അഭിമാനി സ്ഥിതി സ്വാഭാവികമാകണം. പല കുട്ടികൾക്കും ഉണ്ട്, ആലോചിക്കേണ്ടി വരുന്നില്ല, സ്മൃതിസ്വരൂപമാണ്. ഇനി നിരന്തരവും സ്വാഭാവികവുമായ സ്മൃതി സ്വരൂപമാകുക തന്നെ വേണം. അവസാനം അന്തിമ പേപ്പർ എല്ലാ ബ്രാഹ്മണർക്കും ഈ കൊച്ചു പേപ്പറാണ്, 'നഷ്ടോമോഹ സ്മൃതിസ്വരൂപം. '

അപ്പോൾ ഈ വർഷത്തിൽ എന്തു ചെയ്യും? പല കുട്ടികളും ചോദിക്കുന്നു ഈ വർഷത്തിൽ എന്ത് വിശേഷ ലക്ഷ്യം വെക്കും? അപ്പോൾ ബാപ്ദാദ പറയുന്നു സദാ ദേഹീ അഭിമാനി സ്മൃതി സ്വരൂപമായി ഭവിക്കട്ടെ. ജീവിതമുക്തി പ്രാപ്തമാക്കുക തന്നെ വേണം എന്നാൽ ജീവിതമുക്തമാകുന്നതിനു മുമ്പ് പരിശ്രമമുക്തമാകൂ. ഈ സ്ഥിതി സമയത്തെ സമീപം കൊണ്ടുവരും, മുഴുവൻ വിശ്വത്തിലെയുമുള്ള താങ്കളുടെ

സഹോദരീ സഹോദരന്മാരെയും ദു:ഖ അശാന്തിയിൽ നിന്ന് മുക്തമാക്കും. താങ്കളുടെ ഈ സ്ഥിതി ആത്മാക്കൾക്ക് മുക്തിധാമത്തിന്റെ കവാടം തുറക്കും. അപ്പോൾ തന്റെ സഹോദരീസഹോദരൻമാരുടെ മേൽ ദയ തോന്നുന്നില്ലേ! നാനാഭാഗത്തും എത്ര ആത്മാക്കളാണ് നിലവിളിച്ചു കൊണ്ടിരിക്കുന്നുത് അപ്പോൾ താങ്കളുടെ മുക്തി സർവർക്കും മുക്തി നൽകാൻ സഹായിക്കും. ഇത് പരിശോധിക്കൂ സ്വാഭാവിക സ്മൃതിയിൽ നിന്ന് സമർഥസ്വരൂപം ഏതു വരെ ആയിട്ടുണ്ട്? സമർഥസ്വരൂപമാകുക തന്നെയാണ് വ്യർത്ഥത്തെ സഹജമായി സമാപ്തമാക്കുക. വീണ്ടും വീണ്ടും പരിശ്രമം ചെയ്യേണ്ടി വരികയില്ല.

ഇപ്പോൾ ഈ വർഷം ബാപ്ദാദ കുട്ടികളുടെ സ്നേഹത്തിൽ ഏതെങ്കിലും കുട്ടികളുടെ ഏതൊരു സമസ്യയിലും പരിശ്രമം കാണാനാഗ്രഹിക്കുന്നില്ല. സമസ്യ സമാപ്തവും പരിഹാരം സമർഥ സ്വരൂപവും. എന്താ ഇത് സാധ്യമാണോ? പറയൂ ദാദിമാരേ സാധ്യമാണോ? ടീച്ചർമാർ പറയൂ സാധ്യമാണോ? പാണ്ഡവരേ സാധ്യമാണോ? പിന്നെ ഒഴികഴിവ് പറയരുത്, ഇതായിപ്പോയില്ലേ, ഇത് സംഭവിച്ചില്ലേ! ഇത് ഉണ്ടായിരുന്നില്ലെങ്കിൽ ഇത് സംഭവിക്കുമായിരുന്നില്ല! ബാപ്ദാദ ധാരാളം മധുര മധുര മധുരമായ കളികൾ കണ്ടു കഴിഞ്ഞിരിക്കുന്നു. എന്തുതന്നെ വന്നാലും ഹിമാലയത്തെക്കാൾ വലുതായാലും നൂറു മടങ്ങ് സമസ്യയുടെ സ്വരൂപം ആയാലും, ശരീരത്തിലൂടെ ആകട്ടെ മനസ്സിലൂടെ ആകട്ടെ വ്യക്തികളിലൂടെ ആകട്ടെ പ്രകൃതിയിലൂടെ സമസ്യയാകട്ടെ, പരസ്ഥിതി താങ്കളുടെ സ്വസ്ഥിതിക്ക് മുന്നിൽ ഒന്നും തന്നെയല്ല. സ്വസ്ഥിതിയ്ക്കുള്ള മാർഗ്ഗമാണ് സ്വമാനം. സ്വാഭാവിക രൂപത്തിൽ സ്വമാനം ഉണ്ടാകണം. ഓർമ്മയ്ക്കേണ്ടി വരരുത് വീണ്ടും വീണ്ടും പരിശ്രമിക്കേണ്ട വരരുത്, ഞാൻ സ്വദർശന ചക്രധാരിയാണ്, ഞാൻ പ്രകാശിക്കുന്ന രത്നമാണ്, ഞാൻ ഹൃദയസിംഹാസനധാരിയാണ്.......തന്നെയാണ്. മറ്റാരെങ്കിലും ആകുമോ !കൽപ്പം മുമ്പ് ആരായിരുന്നു? മറ്റാരെങ്കിലും ആയിരുന്നോ അതോ താങ്കൾ തന്നെയായിരുന്നുവോ? താങ്കൾ തന്നെയായിരുന്നു താങ്കൾ തന്നെയാണ് ഓരോ കൽപ്പവും താങ്കൾ തന്നെയാകും. ഇത് നിശ്ചിതമാണ്. ബാപ്ദാദ എല്ലാ മുഖങ്ങളും കാണുകയാണ് ഇത് അതേ കൽപ്പമുമ്പത്തേതാണ്. കൽപ്പത്തിന്റെ ആണോ അനേക കൽപ്പത്തെ ആണോ? അനേക കൽപ്പത്തെ അല്ലേ? ആണോ? കൈ ഉയർത്തൂ ആരാണ് ഓരോ കല്പവും ഉള്ളവർ? പിന്നീട് നിശ്ചിതമല്ലേ താങ്കൾക്ക് പാസ് സർട്ടിഫിക്കറ്റ് ലഭിച്ചതല്ലേ അതോ ലഭിക്കണോ? കല്പം മുമ്പേ ലഭിച്ചതാണ് ഇപ്പോൾ എന്തുകൊണ്ട് ലഭിക്കുകയില്ല? അപ്പോൾ ഇതേ സ്മൃതി സ്വരൂപമാകു സർട്ടിഫിക്കറ്റ് ലഭിച്ച് കഴിഞ്ഞിരിക്കുന്നു. ബഹുമതിയോടെ പാസാകുന്നതിന്റെ ആകട്ടെ, പാസാകുന്നതിന്റെ ആകട്ടെ ഈ വ്യത്യാസം ഉണ്ടാകും, പക്ഷേ ഞാൻ തന്നെയാണ്. പക്കയല്ലേ ! അതോ ട്രെയിനിൽ പോയി പോയി പോയി മറന്നുപോകുമോ, പ്ലെയിനിൽ പോയി പറന്നു പോകുമോ? ഇല്ല.

ഈ വർഷം നോക്കൂ ദൃഢമായി സങ്കല്പം എടുത്തു ശിവരാത്രി നാനാഭാഗത്തും ഉണർവുത്സാഹത്തോടെ ആഘോഷിക്കണം ആഘോഷിച്ചില്ലേ ! ദൃഢസങ്കൽപത്തിലൂടെ എന്തു ചിന്തിച്ചുവോ അത് നടന്നില്ലേ ! അപ്പോൾ ഇത് ഏതു കാര്യത്തിന്റെ അത്ഭുതമാണ്? ഏകതയും ദൃഢതയും. ചിന്തിച്ചിരുന്നു 67 പരിപാടികൾ ചെയ്യുവാൻ പക്ഷേ ബാപ്ദാദ കണ്ടു അതിലും കൂടുതൽ പല കുട്ടികളും പരിപാടികൾ ചെയ്തു. ഇതാണ് സമർത്ഥ സ്വരൂപത്തിന്റെ ലക്ഷണം, ഉണർവുത്സാഹത്തിന്റെ പ്രത്യക്ഷ പ്രമാണം. സ്വതവേ തന്നെ നാനാ ഭാഗത്തും ചെയ്തവല്ലോ! ഇങ്ങനെ തന്നെ എല്ലാവരും ചേർന്ന് പരസ്പരം ധൈര്യം കൂട്ടി ഈ സങ്കല്പം ചെയ്യൂ ഇനി സമയത്തെ സമീപം കൊണ്ടുവരിക തന്നെ വേണം. ആത്മാക്കൾക്ക് മുക്തി നൽകണം . എന്നാൽ അപ്പോഴാണ് സംഭവിക്കുക എപ്പോഴാണോ താങ്കൾ ചിന്തിക്കുന്നത് സ്മൃതി സ്വരൂപത്തിലേക്ക് കൊണ്ടുവരിക.

ബാപ്ദാദ കേട്ടു വിദേശികൾക്കും വിശേഷ സ്നേഹമിലനം അഥവാ മീറ്റിംഗ് ഉണ്ട് ഭാരതീയരുടെയും മീറ്റിംഗ് ഉണ്ട് അപ്പോൾ മീറ്റിങ്ങിൽ കേവലം സേവനത്തിന്റെ പദ്ധതി ഉണ്ടാക്കരുത്, ഉണ്ടാക്കണം എന്നാൽ സന്തുലനത്തോടെ ഉണ്ടാക്കണം. ഇങ്ങനെ പരസ്പരം സഹയോഗി ആവു എല്ലാവരും മാസ്റ്റർ സർവ്വശക്തിവാനായി മുന്നോട്ടു പറന്നു പോകണം. ദാതാവായി സഹയോഗം നൽകു. പ്രശ്നങ്ങളെ നോക്കരുത് സഹയോഗി ആകൂ. സ്വമാനത്തിൽ കഴിയൂ ബഹുമാനം നൽകി സഹയോഗിയാകു എന്തെന്നാൽ ഏതൊരു ആത്മാവിനും അഥവാ താങ്കൾ ഹൃദയത്തിൽ നിന്നും ബഹുമാനം നൽകുന്നുവെങ്കിൽ ഇത് വളരെ വളരെ വലിയ പുണ്യമാണ്. എന്തുകൊണ്ടെന്നാൽ ദുർബല ആത്മാവിനെ ഉണർവുത്സാഹത്തിലേക്ക് കൊണ്ടുവന്നുവെങ്കിൽ എത്ര വലിയ പുണ്യമാണ്! വീഴുന്നവരെ വീഴ്ത്തിയിടുകയല്ല വേണ്ടത് ചേർത്ത് പിടിക്കണം അതായത് പുറമേ പിടിക്കുകയില്ല ചേർത്ത് പിടിക്കുക അർത്ഥം ബാപ്സമാനം ആക്കുക. സഹയോഗം നൽകുക.

അപ്പോൾ ചോദിച്ചുവല്ലോ ഈ വർഷം എന്തെല്ലാം ചെയ്യണം? ബഹുമാനം നൽകുക സ്വമാനത്തിൽ കഴിയുക അത്രമാത്രം. സമർത്ഥമായി സമർത്ഥമാക്കുക.വ്യർത്ഥത്തിന്റെ കാര്യങ്ങളിലേക്ക് പോകരുത്. ആരാണോ ദുർബല ആത്മാവ് അവരുടെ ദുർബലതയെ കണ്ടുകൊണ്ടിരുന്നാൽ എങ്ങനെ സഹയോഗിയാകും ! സഹയോഗം നൽകൂ എങ്കിൽ ആശിർവാദങ്ങൾ ലഭിക്കും. ഏറ്റവും സഹജമായ പുരുഷാർത്ഥമാണ് മറ്റൊന്നും ചെയ്യാൻ സാധിക്കുകയില്ലെങ്കിലും ഏറ്റവും സഹജമായ പുരുഷാർത്ഥമാണ് ആശിർവാദങ്ങൾ നൽകു, ആശിർവാദങ്ങൾ നേടൂ. ബഹുമാനം നൽകൂ മഹിമയോഗ്യരാകൂ. ബഹുമാനം നൽകുന്നവർ തന്നെ

സർവ്വരിലൂടെയും അംഗീകരിക്കപ്പെട്ടവരാകുന്നു. എത്രത്തോളം ഇപ്പോൾ അംഗീകരിക്കപ്പെടുന്നവരാകുന്നുവോ അത്രയും തന്നെ രാജ്യ അധികാരിയും പൂജ്യആത്മാവുമാകും. നൽകിക്കൊണ്ട് പോകൂ നേടുവാൻ അല്ല, എടുക്കു കൊടുക്കൂ എങ്കിൽ കച്ചവടക്കാരുടെ ജോലിയാണ്. താങ്കൾ ദാതാവിന്റെ കുട്ടികളാണ്. ബാക്കി ബാപ്ദാദ നാനാ ഭാഗത്തെയും കുട്ടികളുടെ സേവനം കണ്ട് സന്തുഷ്ടനാണ് എല്ലാവരും നന്നായി സേവനം ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്പോൾ മുന്നേറണമല്ലോ! വാക്കിലൂടെ എല്ലാവരും നന്നായി സേവനം ചെയ്തു, സാധനങ്ങളിലൂടെയും നന്നായി സേവനം ചെയ്തു റിസൾട്ട് ഉണ്ടാക്കി. അനേക ആത്മാക്കളുടെ പരാതിയും സമാപ്തമാക്കി. ഒപ്പം സമയത്തിന്റെ തീവ്രഗതിയുടെ വേഗത കണ്ട് ബാപ്ദാദ ഇതാണ് ആഗ്രഹിക്കുന്നത് കേവലം കുറച്ച് ആത്മാക്കളുടെ സേവനം അല്ല ചെയ്യേണ്ടത് എന്നാൽ വിശ്വത്തിലെ സർവ്വാത്മാക്കളുടെയും മുക്തി ദാതാവ് നിമിത്തമായി താങ്കളാണ് എന്തെന്നാൽ ബാബയുടെ കൂട്ടുകാരാണ് അപ്പോൾ സമയത്തിന്റെ തീവ്രത അനുസരിച്ച് ഇപ്പോൾ ഒരേസമയം ഒന്നിച്ച് മൂന്നു സേവനങ്ങൾ ചെയ്യണം:

ഒന്ന് ശബ്ദത്തിന്റെ, രണ്ട് സ്വന്തം ശക്തിശാലി സ്ഥിതി, മൂന്ന് ശ്രേഷ്ഠ ആത്മീയ വൈബ്രേഷൻ

എവിടെ വേണമെങ്കിലും സേവനം ചെയ്യൂ അവിടെ ഇങ്ങനെ ആത്മീയ വൈബ്രേഷൻ പരത്തു, വൈബ്രേഷന്റെ പ്രഭാവത്തിൽ സഹജമായി ആകർഷിതമായി കൊണ്ടിരിക്കണം. നോക്കൂ ഇപ്പോൾ അവസാന ജന്മത്തിലും താങ്കൾ എല്ലാവരുടെയും ജഡചിത്രം എങ്ങനെ സേവനം ചെയ്തു കൊണ്ടിരിക്കുന്നു? എന്താ ശബ്ദത്തിലൂടെ സംസാരിക്കുന്നുണ്ടോ? ഭക്തരുടെ ഭാവനയുടെ ഫലം സഹജമായി ലഭിക്കുന്ന വിധത്തിലുള്ള വൈബ്രേഷനാണ്. ശക്തിശാലി വൈബ്രേഷനിൽ സർവ്വ ശക്തികളുടെ കിരണങ്ങൾ പരക്കണം, അന്തരീക്ഷം മാറണം. വൈബ്രേഷനിലൂടെ ഹൃദയത്തിൽ മുദ്രണം ചെയ്യപ്പെടുന്നു. താങ്കൾ എല്ലാവർക്കും അനുഭവമുണ്ടല്ലോ, ഏതെങ്കിലും ആത്മാവിനെ പ്രതി അഥവാ എന്തെങ്കിലും നല്ലതോ മോശമോ ആയ വൈബ്രേഷൻ താങ്കളുടെ ഹൃദയത്തിൽ ഇരിക്കുന്നുവെങ്കിൽ എത്ര സമയം ഉണ്ടാകുന്നു? ധാരാളം സമയം ഉണ്ടാകുന്നില്ലേ ! കളയാൻ ആഗ്രഹിച്ചാലും പോകുന്നില്ല, ആരുടെയെങ്കിലും മോശം വൈബ്രേഷൻ ഇരിക്കുന്നുവെങ്കിൽ സഹജമായി പോകുന്നുണ്ടോ? അപ്പോൾ താങ്കളുടെ സർവ്വശക്തികളുടെ കിരണങ്ങളുടെ വൈബ്രേഷൻ മുദ്രയുടെ ജോലി ചെയ്യും. ശബ്ദം മറന്നു പോയേക്കാം എന്നാൽ വൈബ്രേഷന്റെ മുദ്ര എളുപ്പം പോവുകയില്ല. അനുഭവമല്ലേ ! ഇല്ലേ അനുഭവം?

ഗുജറാത്ത്, ബോംബെ, എന്ത് ഉണർവുത്സാഹം കാണിച്ചുവോ അതിനും ബാപ്ദാദ കോടി കോടി മടങ്ങ് ആശംസകൾ നേരുന്നു. എന്തുകൊണ്ട്? എന്ത് വിശേഷത ഉണ്ടായി? എന്തിന് ആശംസകൾ നൽകുന്നു? പരിപാടി വലുതു വലുത് ചെയ്തുകൊണ്ടിരിക്കുന്നു എന്നാൽ പ്രത്യേകിച്ച് ആശംസ എന്തുകൊണ്ട് നൽകുന്നു? എന്തെന്നാൽ രണ്ട് വശത്തെയും വിശേഷത ഉണ്ടായി ഏകതയുടെയും ദൃഢതയുടെയും. എവിടെ ഏകതയും ദൃഢതയും ഉണ്ടോ അവിടെ ഒരു വർഷത്തിന് പകരം ഒരു മാസം വർഷത്തിന് തുല്യമാണ്. കേട്ടുവോ ഗുജറാത്തും ബോംബെയും. നല്ലത്.

ഇപ്പോൾ സെക്കൻഡിൽ ജ്ഞാനസൂര്യന്റെ സ്ഥിതിയിൽ സ്ഥിതി ചെയ്തു നാനാഭാഗത്തെയും ഭയഭീതരായ ചഞ്ചലരായ ആത്മാക്കൾക്ക് സർവ്വശക്തികളുടെയും കിരണങ്ങൾ പരത്തൂ. വളരെ ഭയഭീതരാണ്. ശക്തി നൽകു. വൈബ്രേഷൻ പരത്തൂ. ശരി (ബാപ്ദാദ ഡ്രിൽ ചെയ്യിച്ചു )

നാനാഭാഗത്തെയും കുട്ടികളുടെ ഭിന്നഭിന്ന സ്നേഹ സ്മരണയും വാർത്തകളും ഇമെയിലും ബാബയുടെ അടുക്കൽ എത്തിച്ചേർന്നു. ഓരോരുത്തരും പറയുന്നു എന്റെയും ഓർമ്മ നൽകണം, എന്റെയും ഓർമ്മ നൽകണം. ബാപ്ദാദ പറയുന്നു ഓരോ പ്രിയപ്പെട്ട കുട്ടികളുടെയും ഓർമ്മ ബാപ്ദാദയുടെ അടുക്കൽ എത്തിച്ചേർന്നിരിക്കുന്നു. ദൂരെ ഇരുന്നുകൊണ്ടും ബാപ്ദാദയുടെ ഹൃദയസിംഹാസനധാരികളാണ്. അപ്പോൾ താങ്കൾ എല്ലാവരോടും ആരെല്ലാം തന്നെ പറഞ്ഞിട്ടുണ്ടോ ഓർമ്മ നൽകണം ഓർമ്മ നൽകണം.അപ്പോൾ ബാബയുടെ അടുക്കൽ എത്തിച്ചേർന്നു. ഇതാണ് കുട്ടികളുടെ സ്നേഹം, ബാബയുടെ സ്നേഹം കുട്ടികളെ മുന്നോട്ടുയർത്തുകയാണ്. ശരി.

നാലു പാടുമുള്ള അതിശ്രേഷ്ഠ ഭാഗ്യശാലി, കോടിയിലും ചില, വിശേഷ ആത്മാക്കൾക്ക് സദാ സ്വമാനത്തിൽ കഴിയുന്ന ബഹുമാനം നൽകുന്ന, സേവനയോഗ്യരായ കുട്ടികൾക്ക്, സദാ സ്മൃതി സ്വരൂപത്തിൽ നിന്ന് സമർത്ഥ സ്വരൂപരായ ആത്മാക്കൾക്ക്, സദാ ഇളകാത്ത അചഞ്ചല സ്ഥിതിയുടെ ആസനത്തിൽ സ്ഥിതി ചെയ്ത് സർവ്വശക്തി സ്വരൂപരായ കുട്ടികൾക്ക് സ്നേഹ സ്മരണയും നമസ്തേയും.

ദാദിജിയോട് : ബാപ്ദാദ താങ്കൾക്ക് മേൽ വിശേഷിച്ച് സന്തുഷ്ടനാണ്.എന്തുകൊണ്ട് സന്തുഷ്ടം? വിശേഷിച്ച് ഈ കാര്യത്തിൽ സന്തുഷ്ടനാണ് ബ്രഹ്മാബാബ എല്ലാവർക്കും ആജ്ഞ നൽകിയിരുന്നത് പോലെ ഇത് ചെയ്യണം ഇപ്പോൾ ചെയ്യണം, ഇങ്ങനെ താങ്കളും ബ്രഹ്മാബാബയെ ഫോളോ ചെയ്തു. ( താങ്കളും എന്റെ കൂടെയുണ്ട് ) ബാബ തീർച്ചയായും ഉണ്ട്, എന്നാൽ താങ്കളല്ലേ നിമിത്തം. ഇങ്ങനെ ദൃഢസങ്കല്പം ചെയ്തു നാനാഭാഗത്തും സഫലതയാണ്. അതിനാൽ താങ്കളിൽ ആത്മീയ ശക്തി വളരെ ഗുപ്തമായി നിറഞ്ഞിരിക്കുന്നു. ആരോഗ്യം ശരിയാണ്. ആത്മീയ ശക്തി ഇത്രയും നിറഞ്ഞിരിക്കുന്നു, അതിനു മുന്നിൽ

ആരോഗ്യം ഒന്നും തന്നെയല്ല.അത്ഭുതമല്ലേ !
ദാദിമാരുടെ കൂടിക്കാഴ്ച കണ്ട് എല്ലാവർക്കും മനസിൽ തോന്നുന്നു ഞാനും ദാദിയായിരുന്നെങ്കിൽ മിലനം ചെയ്യാമായിരുന്നല്ലോ. താങ്കളും ദാദിയാകും. ഇപ്പോൾ ബാപ്ദാദ പദ്ധതി ഉണ്ടാക്കിയിട്ടുണ്ട് ഹൃദയത്തിൽ, ഇപ്പോൾ നൽകിയിട്ടില്ല. അപ്പോൾ ആര് സേവനത്തിൽ ബ്രഹ്മാ ബാബയുടെ സാകാര സമയത്ത് സേവനത്തിൽ ആദിരത്നമായി വന്നുവോ അവരുടെ കൂട്ടായ്മ പക്കയാക്കണം. (എപ്പോൾ ചെയ്യും? ) താങ്കൾ ചെയ്യുമ്പോൾ. ഈ ഡ്യൂട്ടി താങ്കളുടെ (ദാദി ജാനകിയുടേതാണ്). താങ്കളുടെ ഹൃദയത്തിന്റെ സങ്കൽപവുമുണ്ടല്ലോ? എന്തുകൊണ്ടെന്നാൽ താങ്കൾ ദാദിമാരുടെ ഏകതയുടെയും ദൃഢതയുടെയും സംഘടന പക്കയാണ്, ഇങ്ങനെ ആദി സേവനത്തിന്റെ രത്നങ്ങളുടെ സംഘടന പക്കയാകണം, ഇതിന്റെ വളരെ വളരെ ആവശ്യകതയുണ്ട് എന്തെന്നാൽ സേവനം വർധിക്കുക തന്നെ വേണം. അപ്പോൾ സംഘടനയുടെ ശക്തിക്ക് എന്ത് വേണമോ അത് ചെയ്യാൻ സാധിക്കും. സംഘടനയുടെ ലക്ഷണത്തിന്റെ ഓർമചിഹ്നമാണ് പഞ്ചപാണ്ഡവർ. അഞ്ചാണ് പക്ഷേ സംഘടനയുടെ അടയാളമാണ്. ശരി, ഇപ്പോൾ ആരാണോ സാകാര ബ്രഹ്മാവിന്റെതായിട്ട് സേവനത്തിനു വേണ്ടി സെന്ററിൽ കഴിയുന്നുവോ സേവനത്തിൽ മുഴുകിയിരിക്കുന്നുവോ അവർ എഴുന്നേൽക്കൂ. സഹോദരന്മാരുമുണ്ട്. പാണ്ഡവരെ കൂടാതെ ഗതിയില്ല. ഇവിടെ കുറച്ചുപേരെയുള്ളൂ എന്നാൽ ഇനിയുമുണ്ട്. സംഘടനയെ ചേർത്തു നിർത്തുവാനുള്ള ഉത്തരവാദിത്തം ഇവരുടേത് (ദാദിജാനകിയുടേത് ) ആണ്. ഇവർ (ദാദി ) നട്ടെല്ലാണ്. വളരെ നല്ല നല്ല രത്നങ്ങളാണ്. ശരി. എല്ലാം ശരിയാണ്. എന്തു തന്നെ ചെയ്താലും താങ്കളുടെ സംഘടനയുടെ മഹാനതയാണ്. കോട്ട ശക്തിശാലിയാണ്. ശരി.

**വരദാനം: സ്വമാനത്തിന്റെ സീറ്റിൽ സെറ്റായി ഓരോ പരിതസ്ഥിതിയെയും മറികടക്കുന്ന സദാ വിജയിയായി ഭവിക്കട്ടെ.**

സദാ തന്റെ ഈ സ്വമാനത്തിന്റെ സീറ്റിൽ സ്ഥിതി ചെയ്യു ഞാൻ വിജയിരത്നമാണ്, മാസ്റ്റർ സർവശക്തിവാനാണ് അപ്പോൾ സീറ്റിനനുസരിച്ചുള്ള ലക്ഷണം വരുന്നു. ഏതൊരു പരിതസ്ഥിതി മുന്നിൽ വരുന്നുവെങ്കിലും സെക്കന്റിൽ തന്റെ ഈ സീറ്റിൽ സെറ്റാവൂ. സീറ്റിലിരിക്കുന്നവരുടെ ആജ്ഞയാണ് അംഗീകരിക്കേണ്ടത്. സീറ്റിലിരിക്കൂ എങ്കിൽ വിജയിയായി മാറും. സംഗമയുഗമാണ്, സദാ വിജയിയാകാനുള്ള യുഗം, ഈ യുഗത്തിന് വരദാനമുണ്ട്, അപ്പോൾ വരദാനിയായി വിജയിയാകൂ.

**സ്ലോഗൻ – സർവ ആസക്തികൾക്കും മേൽ വിജയം പ്രാപ്തമാക്കുന്നവരാണ് ശിവശക്തി പാണ്ഡവസേന.**